V സബ്മിഷൻ

(1) സൂര്യനെല്ലി കേസിൽ ഗവൺമെന്റ് അപ്പീൽ നൽകാൻ നടപടിയെടുക്കണമെന്ന ആവശ്യം

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, സൂര്യനെല്ലി പെൺകുട്ടിയുടെ കേസിൽ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ പോകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. അത്യന്തം നിർഭാഗ്യകരവും കേരളീയ സമൂഹത്തിനുതന്നെ അവഹേളനപരവുമായിട്ടുള്ള ഒരു വിധിയായിരുന്നു ഹൈക്കോടതിയുടെ വിധിയെന്നു ഞാൻ പ്രത്യേകം പറയേണ്ടതില്ല. ആ വിധിയുമായി ബന്ധപ്പെട്ടുകൊണ്ട് പ്രോസിക്യൂഷന്റെ ഭാഗത്ത് വന്നിട്ടുള്ള പരാജയത്തെ സംബന്ധിച്ച് അഥവാ സമർപ്പിക്കേണ്ട പ്രധാനപ്പെട്ട രേഖകളൊന്നും സമർപ്പിക്കാത്തതിനെ സംബന്ധിച്ച് നിരവധി പത്രങ്ങളിൽ വിമർശനപരമായിട്ടുതന്നെ വാർത്തകൾ വന്നത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്നണ് ഞാൻ കരുതുന്നത്. മാത്രമല്ല ഈ വിധിയുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ജസ്റ്റീസ് ബസന്തിന്റെ പ്രധാനപ്പെട്ട ചില നിരീക്ഷണങ്ങൾ ഈ സാഹചര്യത്തിൽ പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്നു തോന്നുകയാണ്. ബഹുമാനപ്പെട്ട ജസ്റ്റീസ് ബസന്തിന്റെ നിരീക്ഷണത്തിൽ പറയുന്നത്, ഈ വിധി അംഗീകരിക്കുന്നതോടൊപ്പം, "But I feel obliged to give expression to a few disturbing thoughts that are aroused in my mind after considering the facts in this case." അദ്ദേഹം ഒരുപാട് കാര്യങ്ങൾ ഇങ്ങനെ പറയുന്നുണ്ട്. അപ്പോൾ ഈ വിധി കേരളത്തിൽ ദൂരവ്യാപകമായിട്ടുള്ള പ്രത്യാഘാതം സൃഷ്ടിക്കും എന്നത് വിധിപറഞ്ഞ ഡിവിഷൻ ബഞ്ചിൽ ഉൾപ്പെട്ട് ജഡ്ജിയടക്കം സർവ്വരും അംഗീകരിച്ചിട്ടുള്ള ഒരു കാര്യമാണ്. അതുകൊണ്ട് ഇനി ഒട്ടും കാലതാമസം കൂടാതെ ഇനി ഒരിക്കലും ഒരു പെൺകുട്ടിക്കും ഇത്തരം ഒരു സാഹചര്യം വരാത്തവിധത്തിലും കുറ്റം ചെയ്തവർക്ക് ശിക്ഷ വാങ്ങി കൊടുക്കത്തക്കവിധത്തിൽ മാതൃകാപരമായി ശിക്ഷിക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാക്കുന്ന വിധത്തിൽ വിധിയുണ്ടാകേണ്ടത് ആവശ്യമാണ്. അതിനനുസരിച്ചുള്ള വിധി ഈ കേസ്സിൽ ഉണ്ടാകേണ്ടതാണ്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ഇതിൽ വരുന്നത് 18 വയസുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ജസ്റ്റീസിന്റെ നിരീക്ഷണമാണ്. എല്ലാ കാര്യങ്ങൾക്കും 18 വയസ് പൂർത്തിയായാൽ മാത്രമെ അംഗീകാരമുള്ളു എന്നസ്ഥിതി നിലനിൽക്കുമ്പോൾ ഇക്കാര്യത്തിൽ കുട്ടിയുടെ സമ്മതം ഇല്ലായെങ്കിൽ പോലും 16 വയസ് കഴിഞ്ഞാൽ അത് റേപ്പായിട്ട് കണക്കാക്കാൻ പറ്റില്ല എന്നാണ് ഇപ്പോഴത്തെ നിയമം. പക്ഷേ അതിനെസംബന്ധിച്ച് അദ്ദേഹത്തിന്റെ നിരീക്ഷണം പറയുന്നത്, "I may sum up by stating that raising the age of consent for sexual intercourse to 18 consistent with the stipulations in the saner subsequent enactments appears to be the unavoidable imperative before the system. At least the

LIBRARY ARCHIVES Kerala Legislative Assembly

Kerala Legislature must take bold efforts to bring in suitable local amendments to Section 375 of the Indian Penal Code and give leadership to others". ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ കാര്യത്തിൽ നമുക്ക് എന്ത് ചെയ്യാൻ കഴിയുമെന്നു പരിശോധിക്കണം എന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ബഹുമാനപ്പെട്ട ജസ്റ്റീസ് ബസന്തിന്റെ ഈ നിരീക്ഷണത്തെ അടിസ്ഥാനപ്പെടുത്തി പാർലമെന്റിൽ ഇത് നടപ്പിലാക്കാൻ തയ്യാറായില്ലെങ്കിൽപോലും ഇവിടെയെങ്കിലും അത് പരിശോധിക്കാൻ തയ്യാറാകണം. ബഹുമാനപ്പെട്ട ജസ്റ്റീസ് ബസന്തിന്റെ നിരീക്ഷണം അങ്ങ് ഗൗരവത്തിൽ എടുക്കണം. ഒപ്പം ഈ കേസിൽ ഒട്ടും കാലതാമസം കൂടാതെ സുപ്രീംകോടതിയിൽ അപ്പീൽ പോകുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ജനാധിപത്യ മഹിളാ അസോസിയേഷന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിലേക്ക് ഇന്നു മാർച്ചും ധർണ്ണയും നടക്കുകയാണ്. ഇക്കാര്യത്തിൽ കേരളീയ സമൂഹത്തിന്റെയാകെ പൊതുവികാരം കണക്കിലെടുത്തുകൊണ്ട് അനുകൂല മായിട്ടുള്ള ഒരു തീരുമാനം ഉണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ശ്രീമതി ഗിരിജാ സുരേന്ദ്രനും ഇതേ സബ്മിഷൻ നോട്ടീസ് കൊടുത്തിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സമരം സെക്രട്ടേറിയറ്റിലേക്കല്ല നടത്തേണ്ടിയിരുന്നത്, മറ്റ് ചില സ്ഥലത്താണ്. ഞാൻ ഇത് നേരത്തെ തന്നെ പറഞ്ഞിരുന്നു. 20-1-2005-ലാണ് ഹൈക്കോടതി വിധി വന്നത്. അതിനുശേഷം പലപ്രാവശ്യം ഈ സഭയിൽ ഈ പ്രശ്നം വന്നപ്പോൾ ഞാൻ പറഞ്ഞു. നിയമോപദേശം കിട്ടിയാൽ അതിന്മേൽ ഉടൻതന്നെ നടപടി എടുക്കുമെന്ന്. ഞാൻ ഇതിനെ ഒരിക്കലും രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിച്ചിട്ടില്ല. പക്ഷേ ഗവൺമെന്റിനെ പരിധികവിഞ്ഞ് ആക്രമിക്കാൻ ശ്രമിച്ചപ്പോൾ പറഞ്ഞു, നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് വച്ച സ്പെഷ്യൽ പ്രോസിക്യൂട്ടറാണുള്ളത് എന്ന്. ശ്രീ. ഗോപാലകൃഷ്ണക്കുറുപ്പ് അദ്ദേഹം ഗവൺമെന്റിന് ലീഗൽ അഡ്വൈസ് തന്നിട്ടില്ല. ഈ വിധിയെ ക്കുറിച്ചുള്ള അനന്തര നടപടികളെക്കുറിച്ച് അഡ്വൈസ് കിട്ടിയിട്ടില്ല. അത് തന്നാൽ അന്നേരം ചെയ്യുമെന്നു പറഞ്ഞു. ഈ ഗവൺമെന്റ് വന്നിട്ടും ശ്രീ. എ. കെ. ആന്റണി കുറുപ്പിനെ മാറ്റിയില്ല. ഞാൻ വന്നതിനുശേഷവും മാറ്റിയില്ല. കാരണം ആ ഒരു കേസ് എടുത്ത വക്കീല് തുടരട്ടെ എന്ന സമീപനമാണ് എടുത്തത്. ഗോപാലകൃഷ്ണ കുറുപ്പ് ആരാണെന്നു ഞാൻ പറയുന്നില്ല. എല്ലാവർക്കും അറിയാം. പക്ഷേ അദ്ദേഹം തരാതെയിരുന്നതുകൊണ്ടു മാത്രമാണ്. എനിക്ക് ഇന്നലെ അഡ്വൈസ് കിട്ടി. 15-3-2005-ൽ അദ്ദേഹം ഒപ്പിട്ട അഡ്വൈസ് . ഹോം ഡിപ്പാർട്ടുമെന്റു വഴി ഇന്നലെ തന്നെ എനിക്ക് കിട്ടി. സൂര്യനെല്ലിക്കേസിന് അപ്പീൽ കൊടുക്കാൻ ആ അഡ്വൈസിന്റെ പുറത്ത് ഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തു; ഇന്നലെ തന്നെ തീരുമാനിച്ചു. ഇതുവരെയുണ്ടായ കാലതാമസം ഈ അഡ്വൈസ് കിട്ടാതിരുന്നതുമൂലം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ആരെയും രക്ഷിക്കാൻ ശ്രമിക്കുന്നില്ല. അതിന് ഒരു മിനിറ്റുപോലും കാലതാമസം ഉണ്ടാക്കുകയുമില്ല. എന്തുകൊണ്ടാണ് താമസിച്ചത് എന്നതിന് ഗോപാലകൃഷ്ണക്കുറുപ്പിന്റെ ഒരു വിശദീകരണംകിട്ടി. അത് വായിച്ചുകഴിഞ്ഞാൽ അദ്ദേഹത്തെയും കുറ്റപ്പെടുത്താൻ തോന്നുകയില്ല. കാരണം 20-1-2005-ലാണ് വിധി വന്നതെങ്കിലും സർട്ടിഫൈഡ് കോപ്പി അദ്ദേഹത്തിനു കിട്ടുന്നത് 1-3-2005-ലാണ്. അദ്ദേഹം രണ്ടാഴ്ച മാത്രമേ സമയം എടുത്തിട്ടുള്ളൂ. ആ രീതിയിൽ അദ്ദേഹം വിശദീകരണം തന്നിട്ടുണ്ട്. എന്തുകൊണ്ട് താമസിച്ചുവെന്നു ഇവിടെനിന്നും ചോദിച്ചിരുന്നു. അതിന് അദ്ദേഹം വിശദീകരണം നൽകിയിട്ടുണ്ട്. സർട്ടിഫൈഡ് കോപ്പി ഇല്ലാതെ അയയ്ക്കാൻ ഒക്കുകയില്ല. സർട്ടിഫൈഡ് കോപ്പി അദ്ദേഹത്തിന് കിട്ടിയത് 1-3-2005-ലാണ്.

ശ്രീ. മത്തായി ചാക്കോ : ഗോപാലകൃഷ്ണക്കുറുപ്പിനെ ദുരുദ്ദേശപരമായിട്ട് പരാമർശിച്ചുകൊണ്ട് ഇവിടെ ഇന്നലെ പ്രസ്താവന നടത്തിയിട്ടുണ്ട്. അത് പിൻവലിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : ഗവൺമെന്റിനെക്കുറിച്ച് നിങ്ങൾ നടത്തിയ വിമർശനം പിൻവലിക്കുമെങ്കിൽ ഞാനും പിൻവലിക്കും. പക്ഷേ ശ്രീ. മത്തായി ചാക്കോ ഇവിടെ വന്നിരുന്നുകൊണ്ട് പറയുന്ന കാര്യങ്ങൾ മനസ്സിലാക്കണം. നിങ്ങൾ വച്ച വക്കീല്.....

ശ്രീ. മത്തായി ചാക്കോ : .... ആരും ഇല്ലാതെ ഇതുപോലെ പ്രസക്തമായിട്ടുള്ള കാര്യത്തിന് നിങ്ങൾ പോയിട്ടില്ല എന്നാണ് ഞങ്ങൾ പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി : ചുമ്മാ പറഞ്ഞിട്ട് കാര്യമുണ്ടോ? ഗോപാലകൃഷ്ണക്കുറുപ്പ് ആരാണെന്നു എന്നെക്കൊണ്ട് പറയിക്കണമോ? അങ്ങനെയൊന്നും പറയണ്ട. നിങ്ങൾ ഒരു ഉത്തരവാദിത്വവുമില്ലാതെ ഇവിടെ വന്നിരുന്നുകൊണ്ട് ഓരോന്നു പറഞ്ഞിട്ട് തിരിച്ചു കിട്ടുമ്പോൾ പറഞ്ഞിട്ടു കാര്യമില്ല. ഇത് 15-ാം തീയതി.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ സ്പെഷ്യൽ പ്രോസിക്യൂട്ടറിൽ നിന്നു യഥാസമയം ഗവൺമെന്റിന് റിപ്പോർട്ട് കിട്ടാതെ വന്ന സന്ദർഭത്തിൽ എന്തുകൊണ്ട് റിപ്പോർട്ട് താമസിക്കുന്നത് എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഫീസിൽനിന്നോ ആരെങ്കിലും ഈ സ്പെഷ്യൽ പ്രോസിക്യൂട്ടറോട് ചോദിച്ചിരുന്നോ?

ശ്രീ. ഉമ്മൻ ചാണ്ടി : ചോദിച്ചു. ഞാൻ ചോദിച്ചപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. അതുകൊണ്ട് ഗവൺമെന്റിനെ കുറ്റപ്പെടുത്തുമ്പോൾ നിങ്ങൾ കാര്യം ഉണ്ടെങ്കിൽ പറഞ്ഞോ, ഇത് 15-ാം തീയതി അദ്ദേഹം ഒപ്പിട്ടു തന്നു. 16-ാം തീയതി തന്നെ ഹോം ഡിപ്പാർട്ടുമെന്റിൽ നിന്നു എന്റെ കൈയിൽ തന്നു. ഇന്നലെ തന്നെ അപ്പീൽ കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് കുറ്റം ചെയ്യുന്ന ആരെയും രക്ഷിക്കാൻ ശ്രമിച്ചിട്ടില്ല. ഗവൺമെന്റിന്റെ നടപടിയിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കാലതാമസവും ഉണ്ടാവുകയുമില്ല. ഞാനത് പറഞ്ഞിട്ടുണ്ട്. ഏത് കാര്യത്തിൽ ആണെങ്കിലും കാലതാമസം ഉണ്ടാകാൻ അനുവദിക്കുകയില്ല. 15-ാം തീയതി അദ്ദേഹം ഒപ്പിട്ട അഡ്വൈസിന്മേൽ 16-ാം തീയതി അതായത് ഇന്നലെ തന്നെ തീരുമാനമെടുത്ത് അപ്പീൽ കൊടുക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തു.

(2) വികലാംഗരുടെ പെൻഷൻ

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, കേരളത്തിലെ പതിനഞ്ചു ലക്ഷത്തോളം വരുന്ന വികലാംഗരുടെ ചില അടിയന്തിര ആവശ്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 2003-04, 2004-05 വർഷങ്ങളിലെ ബഡ്ജറ്റിൽ ഇവരുടെ പെൻഷൻ 150 രൂപയായി വർദ്ധിപ്പിക്കാം എന്നു സർക്കാർ പറഞ്ഞിരുന്നത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അടിയന്തിര പ്രാധാന്യത്തോടുകൂടി മുൻകാല പ്രാബല്യത്തിൽ ഇത് നടപ്പിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രണ്ടാമത്, ഇവർക്ക് കൊടുക്കുന്ന ഐഡന്റിറ്റി കാർഡിൽ 'വാല്യൂഡ് അപ്ടു 18 ഇയേഴ്സ്' എന്ന് പ്രത്യേകം എഴുതിയിരിക്കുകയാണ്. വികലാംഗർക്ക് കൊടുക്കുന്ന ഐഡന്റിറ്റി കാർഡ് മരണം വരെ ഉപയോഗിക്കേണ്ട ഒരു ആധികാരിക രേഖയാണ്. അതിൽ 18 വയസുവരെ എന്ന് എഴുതിയതുകൊണ്ട് 18 വയസുകഴിഞ്ഞിട്ടുള്ളവർക്ക് അത് ഉപയോഗിക്കുമ്പോൾ ഒരുപാട് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. ഇത് മാറ്റിത്തരണമെന്നു പല പ്രാവശ്യം ആവശ്യപ്പെട്ടപ്പോഴും മാറ്റം വരുത്താമെന്നു പറഞ്ഞെങ്കിലും, പുതിയതായി കൊടുത്തിരിക്കുന്ന കാർഡുകളിലും ഇങ്ങനെതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അത് മാറ്റണമെന്ന് വീണ്ടും അഭ്യർത്ഥിക്കുകയാണ്. വികലാംഗ വകുപ്പിന് കൊടുക്കുന്ന ഐഡന്റിറ്റിയുടെ ഫോറം പൂരിപ്പിക്കുന്നിടത്ത് എട്ടാം നമ്പർ കോളത്തിൽ വരുമാന സർട്ടിഫിക്കറ്റ് ചോദിക്കുന്നുണ്ട്. പലപ്പോഴും ഇത് പ്രയാസങ്ങൾക്ക് ഇടവരുത്തുന്നു. ഇതിലേക്കായി വില്ലേജ് ആഫീസിലേക്കും മറ്റും പല പ്രാവശ്യം പോകേണ്ടിവരുന്നു. അവസാനം അത് കിട്ടിയാൽത്തന്നെ ഉപയോഗപ്രദമാകാത്ത രീതിയിലുള്ളതുമാണ്. അതുകൊണ്ട് ദയവ് ചെയ്ത് 8-ാം നമ്പർ കോളം ഫോറത്തിൽനിന്ന് ഒഴിവാക്കണം. നമ്മുടെ സമൂഹത്തിലെ അഞ്ച് ശതമാനം വരുന്ന 15 ലക്ഷം വികലാംഗർക്ക് ജനസംഖ്യാനുപാതികമായിട്ടെങ്കിലും ത്രിതല പഞ്ചായത്തുകളിലെ പ്രോജക്ടുകളിൽ പ്രത്യേകം തുക വകകൊള്ളിച്ച് അവരുടെ ക്ഷേമ കാര്യങ്ങൾക്കുവേണ്ട നടപടി സ്വീകരിക്കണമെന്നും അപേക്ഷിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, വികലാംഗർക്ക് വർദ്ധിച്ച നിരക്കിൽ പെൻഷൻ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് 2004-05 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ചതനുസരിച്ച് വികലാംഗ പെൻഷൻ 110 രൂപയിൽ നിന്നു 150 രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യം ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly